**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5838** **08-07-2024 - ൽ മറുപടിയ്ക്ക്**

**ദാരിദ്ര്യ ലഘൂകരണത്തിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ദാരിദ്ര്യ ലഘൂകരണത്തിനായി സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ.; | (എ) | 1.അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി<br>2. ആശ്രയ പദ്ധതി<br>3. ലൈഫ് മിഷൻ<br>4. കുടുംബശ്രീ പദ്ധതികൾ |
| (ബി) | ദാരിദ്ര്യ ലഘൂകരണത്തിൽ ഭക്ഷണം, വരുമാനം, പാർപ്പിടം, ആരോഗ്യം എന്നിവയിൽ പര്യാപ്തത കൈവരിച്ചവരെ നീക്കം ചെയ്ത് പട്ടിക പുനഃക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോ, വിശദമാക്കുമോ.; | (ബി) | അവകാശങ്ങൾക്ക് വേണ്ടി ശബ്ദം ഉയർത്താൻ പോലും ശേഷിയില്ലാതെ, പൊതു സമൂഹത്തിന്റെ ശ്രദ്ധയിൽപ്പെടാതെ അതിദാരിദ്ര്യം അനുഭവിക്കുന്നവരെ കണ്ടെത്തി അഞ്ചു വർഷം കൊണ്ട് അവരുടെ അതിദാരിദ്ര്യം ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി. സംസ്ഥാനത്ത് ഇത്തരത്തിലുള്ള 64006 അതിദരിദ്ര കുടുംബങ്ങളിലായി 103099 വ്യക്തികളെ 1032 തദ്ദേശ സ്ഥാപനങ്ങളിലായി കണ്ടെത്തി MIS ഡാറ്റ ലോക്ക് ചെയ്തിട്ടുണ്ട്. ഭക്ഷണം, ആരോഗ്യം, വാസസ്ഥലം, വരുമാനം എന്നീ ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് ടി കുടുംബങ്ങളെ കണ്ടെത്തിയിട്ടുള്ളത്. അതിദാരിദ്ര്യത്തിൽ നിന്ന് മോചനം നേടുന്നവരെ പാർക്ക് ചെയ്യുന്നതിന് MIS പോർട്ടലിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. എന്നാൽ സമഗ്രമായ അതിദാരിദ്ര്യ നിർണ്ണയ സർവ്വേയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രസ്തുത ഗുണഭോക്തൃ പട്ടികയിൽ മറ്റ് തരത്തിൽ മാറ്റം വരുത്തുന്നത് സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | പ്രസ്തുത പദ്ധതിയുടെ കാലാവധി ദീർഘിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ, വിശദാംശം വെളിപ്പെടുത്തുമോ.? | (സി) | ഭക്ഷണം മാത്രം, ആരോഗ്യം മാത്രം, ഭക്ഷണവും ആരോഗ്യവും മാത്രം എന്നീ 3 വിഭാഗങ്ങളിലായി ക്ലേശം അനുഭവിച്ചിരുന്ന 26649 കുടുംബങ്ങളും, ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട് ആനുകൂല്യങ്ങൾ ലഭിക്കുന്ന 2080 കുടുംബങ്ങളും, (ആകെ 28,725) മറ്റ് |

| | | | |
|---|---|---|---|
| | | | ക്ലേശഘടകങ്ങൾ മൂലം ബുദ്ധിമുട്ട് അനുഭവിച്ചിരുന്ന കുടുംബങ്ങളും ഉൾപ്പെടെ, അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ആദ്യ ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ആകെ കണ്ടെത്തിയതിൽ 47.89 % കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കിയതായി 2023 നവംബർ 1-ന് ബഹു. മുഖ്യമന്ത്രി പ്രഖ്യാപിച്ചു.<br><br>2024 നവംബർ 1-ന് മുൻപ് മറ്റ് ക്ലേശ ഘടകങ്ങൾ മൂലം ബുദ്ധിമുട്ടുന്ന കുടുംബങ്ങൾക്ക് ആവശ്യമുള്ള സേവനങ്ങൾ നൽകി അതിദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിക്കപ്പെടുന്നവരുടെ കണക്ക് 90% ആക്കി വർദ്ധിപ്പിക്കുന്നതിനും, 2025 നവംബർ 1-ന് മുമ്പ് സംസ്ഥാനത്തെ സമ്പൂർണ്ണ അതിദാരിദ്ര്യ മുക്തമാക്കുകയും ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്.<br><br>അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ കാലാവധി ദീർഘിപ്പിക്കുന്നത് നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ